പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.344 03.03.2020-ലെ മറുപടിക്ക്

## സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി

**ചോദ്യം**

ശ്രീ. റോജി എം. ജോൺ

ശ്രീ. വി.പി.സജീന്ദ്രൻ

ശ്രീ. കെ.എസ്.ശബരീനാഥൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

**മറുപടി**

ഡോ. ടി.എം. തോമസ് ഐസക്

ധനകാര്യവും കയറും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി യിലൂടെയാണ് കടന്ന് പോകുന്നത് എന്നത് വസ്തുതയല്ലേ; അതിന്റെ ഭാഗമായി കടുത്ത ട്രഷറി നിയന്ത്രണങ്ങൾ ഏർപ്പെടു ത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ ഒന്നും നടപ്പ് സാമ്പത്തിക വർഷം ഏർപ്പെടുത്തിയിട്ടില്ല. വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടു പോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. |
| (ബി) | ജി.എസ്.ടി. നഷ്ടപരിഹാരം കേന്ദ്രം സമയത്ത് നൽകാത്തതും വായ്പ പരിധി വെട്ടിക്കുറച്ചതും സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണ മായിട്ടുണ്ടോ; | ഉണ്ട്. മുൻകാലങ്ങളിൽ നിന്നും വിഭിന്നമായി ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. ടി സാഹചര്യത്തിലും നടപ്പ് സാമ്പത്തിക വർഷം അവസാന ത്രൈമാസത്തിൽ പൊതു വിപണിയിൽ നിന്നും 4908 കോടി രൂപ വായ്പയെടുക്കുവാൻ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ ടി സ്ഥാനത്ത് 1920 കോടി രൂപയുടെ അനുമതി മാത്രമാണ് കേന്ദ്ര സർക്കാർ നൽകിയത്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. 2019 ഒക്ടോബർ |

| | | |
|---|---|---|
| | | മാസം മുതൽ 2020 ജനുവരി വരെയുള്ള നഷ്ടപരിഹാരം മൂവായിരം കോടിക്ക് മുകളിൽ വരും. ഇതിൽ 854.04 കോടി രൂപ മാത്രമാണ് അനുവദിച്ചത്. |
| (സി) | സംസ്ഥാന സർക്കാരിന്റെ ധൂർത്തും നികുതി പിരിവിലെ പിടിപ്പുകേടും സാമ്പത്തിക പ്രതിസന്ധിക്ക് ആക്കം കൂട്ടി എന്ന ആക്ഷേപം വസ്തുതാപരമല്ലേയെന്ന് അറിയിക്കാമോ; | വസ്തുതാവിരുദ്ധമാണ്. |
| (ഡി) | നികുതി വരുമാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷവും ഈ സാമ്പത്തിക വർഷവും എത്ര ശതമാനം വർദ്ധനവാണ് പ്രക്ഷിച്ചത്; അത് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | തനത് നികുതി വരുമാനത്തിൽ 2018-19 ൽ 26 ശതമാനത്തിന്റെ വളർച്ച പ്രതീക്ഷിച്ചെങ്കിലും 9 ശതമാനം വർദ്ധനവ് മാത്രമേ കൈവരിക്കുവാൻ സാധിച്ചിട്ടുള്ളൂ. നടപ്പ് സാമ്പത്തിക വർഷം 30 ശതമാനമായിരുന്നു ഈ ഇനത്തിൽ ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന വർദ്ധനവ്. ഇതുവരെയുള്ള താത്ക്കാലിക കണക്കുകൾ പ്രകാരം ടി ലക്ഷ്യം പ്രാപ്യമല്ല. ചരക്ക് സേവന നികുതി നടപ്പിലാക്കിയതിൽ കേന്ദ്ര സർക്കാരിന് വന്ന വീഴ്ചയും കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങളുടെ സൃഷ്ടിയായ സാമ്പത്തിക മാന്ദ്യവുമാണ് നികുതി വരുമാനത്തിലെ പ്രതീക്ഷിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ വിഘാതമായി തീർന്നത്. |

**സെക്ഷൻ ഓഫീസർ**